സർക്കാർ മെഡിക്കൽ കോളേജുകളുടെ പുരോഗതി

34 (1756). ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്നറിയിക്കാമോ ;

(ബി) ഏതൊക്കെ പുതിയ വിഭാഗങ്ങൾ ആരംഭിച്ചിട്ടുണ്ട് ;

(സി) എന്തൊക്കെ സൗകര്യങ്ങളാണ് പുതിയതായി ഒരുക്കിയിട്ടുള്ളത് ;

(ഡി) ഏതൊക്കെ അത്യാധുനിക സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് ;

(ഇ) അടിസ്ഥാന സൗകര്യങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വന്നിട്ടുള്ളത് ;

(എഫ്) ഇതിനാകെ എത്ര തുക ചെലവായിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ രംഗത്ത് പൊതുവെയും മെഡിക്കൽ കോളേജുകളിൽ പ്രത്യേകിച്ചും ഗുണപരമായ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. പ്രധാനപ്പെട്ട മാറ്റങ്ങളിൽ ഒന്നാണ് ദ്വിഭരണ സമ്പ്രദായം അവസാനിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായതും അതിനെ തുടർന്നുള്ള നടപടികളും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും ഡോക്ടർമാരുടെ സേവനതൽപരത മെച്ചപ്പെടുത്തുന്നതിനുമായി മെഡിക്കൽ കോളേജുകളെ റഫറൽ ആയി പ്രഖ്യാപിച്ചു. സർക്കാർ മെഡിക്കൽ കോളേജുകളെ ആശ്രയിക്കുന്ന സാധാരണക്കാരായ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കണമെന്നും മെഡിക്കൽ കോളേജുകളുടെ നിലവാരം മെച്ചപ്പെടുത്തണമെന്നുമുള്ള ഉദ്ദേശത്തോടുകൂടി മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിച്ചു. ഇതേത്തുടർന്ന് മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ ശമ്പളം പരിഷ്ക്കരിക്കുകയും ഗ്രേഡ് പേയും നോൺ പ്രാക്ടീസ് അലവൻസും പേഷ്യന്റ് കെയർ അലവൻസും നൽകുകയും ചെയ്തു. മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഇ-ജേണൽ സമ്പ്രദായം നടപ്പിൽവരുത്തി. മെഡിക്കൽ, ഡെന്റൽ വിഭാഗങ്ങളിൽ ബോണ്ട് സിസ്റ്റത്തോടുകൂടിയ റസിഡൻസി സമ്പ്രദായം ഏർപ്പെടുത്തി. RSBY/ CHIS എന്നീ ആരോഗ്യസുരക്ഷാ പദ്ധതികൾ നടപ്പിലാക്കി. നഴ്സിംഗ്, പാരാമെഡിക്കൽ, ഡെന്റൽ വിഭാഗത്തിലുള്ള ബിരുദ-ബിരുദാനന്തര സീറ്റുകൾ വർദ്ധിപ്പിച്ചു. ബിരുദ ബിരുദാനന്തര സ്പെഷ്യാലിറ്റി-നഴ്സിംഗ് കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. എല്ലാ മെഡിക്കൽ കോളേജുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു.

(ബി&സി) തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ ഡയാലിസിസ് സംവിധാനത്തോടുകൂടിയ പീഡിയാട്രിക് നെഫ്രോളജി യൂണിറ്റ് ആരംഭിച്ചു. ജനറൽ മെഡിസിൻ വിഭാഗത്തിൽ മെറ്റബോളിക് യൂണിറ്റ് ആരംഭിച്ചു. കൂടാതെ ഒബിസിറ്റി ക്ലീനിക്കും ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ മെഡിക്കൽ കോളേജ് പൂർണ്ണമായും വണ്ടാനത്തേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചു.

കോട്ടയം മെഡിക്കൽ കോളേജിൽ പുതിയ ഹോസ്റ്റൽ സ്ഥാപിച്ചു. ഹൗസ് സർജന്മാരുടെ താമസത്തിനുള്ള സൗകര്യങ്ങൾ ഒരുക്കി.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ നബാർഡിന്റെ സഹായത്തോടുകൂടി പുതിയ ഐ.പി. ബ്ലോക്ക് പ്രവർത്തനമാരംഭിച്ചു.

കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പൂർണ്ണമായും പ്രവർത്തനമാരംഭിച്ചു. ചൈൽഡ് ഹെൽത്തിനും മെറ്റേണിറ്റി വിഭാഗത്തിനുമായി പുതിയ ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. സ്പോർട്സ് മെഡിസിനുമായി ഒരു സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ഉത്തരവായി.

(ഡി&ഇ) എച്ച്.എൽ.എൽ. ലൈഫ് കെയറിന്റെ സഹകരണത്തോടുകൂടി 3 മെഡിക്കൽ കോളേജുകളിൽ എം.ആർ.ഐ.സ്കാൻ സ്ഥാപിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി.ഡി. പൂർണ്ണമായും പ്രവർത്തനമാരംഭിച്ചു. പുതിയ ആധുനീകരിച്ച ലേബർ റൂം, ബ്ലഡ് ബാങ്കും പുതിയ കാത്ത് ലാബും സ്ഥാപിച്ചു. തൃശ്ശൂരും കോഴിക്കോടും എം.ആർ.ഐ. സ്കാൻ സ്ഥാപിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുതിയ സൂപ്പർ സ്പെഷ്യാലിറ്റി. ഒ.പി. സ്ഥാപിച്ചു.

(എഫ്) പ്രസ്തുത കാലയളവിൽ മെഡിക്കൽ കോളേജുകൾക്കുവേണ്ടി പ്ലാൻ ഇനത്തിൽ ചെലവായ തുക താഴെകൊടുക്കുന്നു.

2006-07 - 26.92 കോടി

2007-08 - 14.47 ”

2008-09 - 17.86 ”

2009-10 - 35.55 ”

2010 to January 2011 - 10.51 ,,

ഹൗസ് സർജൻസി പൂർത്തിയാക്കുന്നതിന് കാലപരിധി

35 (1757) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.ബി.ബി.എസ്., ബി.എച്ച്.എം.എസ്., ബി.എ.എം.എസ്. എന്നീ ഡിഗ്രി കോഴ്സുകൾ കഴിഞ്ഞുള്ള ഹൗസ് സർജൻസി പൂർത്തിയാക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അത് എത്രയാണെന്നും, ബന്ധപ്പെട്ട നിയമവ്യവസ്ഥ ഏതാണെന്നും വെളിപ്പെടുത്തുമോ ;

(ബി) അനാരോഗ്യമോ, മറ്റ് അവിചാരിത കാരണങ്ങളാലോ, ഹൗസ് സർജൻസി പൂർത്തിയാക്കാൻ സാധിക്കാത്തവർക്ക് കാലപരിധി നീട്ടി നൽകാൻ വ്യവസ്ഥയുണ്ടോ ; എങ്കിൽ അതിനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly